ഉത്തരം

(എ) മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത 3 കേസ്സുകളും കല്ലുവാതുക്കൽ, പള്ളിക്കൽ, കുന്നിക്കോട്, പള്ളിപ്പുറം എന്നിവിടങ്ങളിൽ നടന്ന മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മറ്റ് 7 കേസ്സുകളും ക്ലബ് ചെയ്ത് ഒന്നായി അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

കൊല്ലം ജില്ലയിലുണ്ടായ വ്യാജ മദ്യ ദുരന്തങ്ങൾ

45 (1099) ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കൂടുതൽ വ്യാജമദ്യ ദുരന്തങ്ങൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) കൊല്ലം ജില്ലയിൽ ഇക്കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ മദ്യദുരന്തമുണ്ടായ സ്ഥലങ്ങളിലെ ഏതെല്ലാം വ്യാജമദ്യവില്പന കേന്ദ്രങ്ങൾ തകർക്കുവാനും, വ്യാജമദ്യത്തിന്റെ ഉറവിടം കണ്ടെത്തുവാനും എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കല്ലുവാതുക്കൽ, കുപ്പണ, കുറവൂർ എന്നീ സ്ഥലങ്ങളിൽ മദ്യദുരന്തം നടക്കുന്നതിനിടയാക്കിയവരെ എക്സൈസ് വകുപ്പുകാർ അറസ്റ്റു ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) കുറഞ്ഞ വിലയ്ക്കുള്ള വ്യാജമദ്യത്തിന്റെ ലഭ്യതയാണ് ഇതിന് ഒരു കാരണം. വ്യാജ വില്പന തടയുന്നത് കൂടുതൽ കർശനമാക്കാൻ നീക്കം ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യാജമദ്യ ദുരന്തവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ വ്യാജമദ്യ കേന്ദ്രങ്ങൾ തകർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചാത്തന്നൂർ റേഞ്ചിലെ കല്ലുവാതുക്കൽ സമീപ പ്രദേശങ്ങളായ കൈരുക്കുഴി, ദാവണം, പൊയ്ക, തോണിപ്പാറ, കല്ലുവെട്ടാൻകുഴി, കൊല്ലം റേഞ്ചിലെ അമ്പഴവയൽ, കുപ്പണ അഞ്ചാലും മൂട്, എരുവനങ്ങാട്, കല്ലുവാഴം, പേരയം, പത്തനാപുരം

LIBRARY ARCHIVES Kerala Legislative Assembly

റേഞ്ചിലെ ചെംബനരുവി, അച്ചൻകോവിൽ, അലിക്കുന്ന്, ഇടമൺ, കുറവൂർ ആനപ്പെട്ട കൊങ്കൻ എന്നീ കേന്ദ്രങ്ങളിൽ ശക്തമായ റെയിഡുകൾ നടത്തിയിട്ടുണ്ട്.

(സി) കുപ്പണ മദ്യദുരന്തത്തിലെ പ്രധാന പ്രതിയായ തമ്പിയെ എക്സൈസ് വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കല്ലുവാതിക്കൽ മദ്യദുരന്തത്തിന്റെ പ്രതികളെ അറസ്റ്റു ചെയ്തത് പോലീസാണ് കുറവൂരിൽ മദ്യദുരന്തം ഉണ്ടായിട്ടില്ല.

കാഞ്ഞങ്ങാട് പുഞ്ചാവി കടപ്പുറത്ത് ഉണ്ടായ മദ്യദുരന്തം

46 (1100) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പുഞ്ചാവി കടപ്പുറത്ത് ഈയിടെയുണ്ടായ മദ്യ ദുരന്തത്തിൽ ആകെ എത്ര പേർ മരിച്ചു ; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചു ;

(ബി) പ്രസ്തുത മദ്യ ദുരന്തത്തിൽ മരിച്ചവരുടെയും കാഴ്ച നഷ്ടപ്പെട്ടവരുടെയും കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയാണ് ഇല്ലെങ്കിൽ പ്രസ്തുത സഹായം അനുവദിക്കുമോ ;

(ഡി) പ്രസ്തുത കേസിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഇ) ഇത്തരം പ്രശ്നങ്ങളിൽ അനാസ്ഥ കാണിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുഞ്ചാവി കടപ്പുറത്തു കണ്ട ഉദ്ദേശം 200 ലിറ്റർ കൊള്ളുന്ന പഴകിയ ഇരുമ്പ് ഡ്രമ്മിൽ ഉണ്ടായിരുന്ന ദ്രാവകം കഴിച്ച് രണ്ടു പേർ മരിച്ചിട്ടുണ്ട്. ആർക്കും അംഗവൈകല്യം സംഭവിച്ചതായി റിപ്പോർട്ടില്ല.

(ബി & സി) മരിച്ച ശശിയുടെ കുടുംബത്തിന് 500 രൂപ അടിയന്തിര സഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് ഹോസ്ദുർഗ്ഗ് പോലീസ് അച്ചു മകൻ ബസ്തേരിക്കൽ ചന്ദ്രൻ, ഭാസ്ക്കരൻ മകൻ സുരേഷ് ബി. എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly